# കേരളസർവകലാശാല

നം.പി.ആർ.277/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി, ബയോടെക്നോളജി, എൻവയോൺമെന്റൽ സയൻസ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജനുവരി 9 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എഡ്. (2018 സ്കീം – റെഗുലർ, സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ജനുവരി 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം – റെഗുലർ) യു.സി.ഇ.കെ, ഫെബ്രുവരി 2023 പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ 2023 ജനുവരി 4 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2023 ജനുവരി 4 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എ. (വിദൂരവിദ്യാഭ്യാസം) പരീക്ഷയ്ക്ക് യു.ഐ.ടി. തൊളിക്കോട് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ പെരിങ്ങമ്മല ഇക്ബാൽ കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്. മറ്റു ദിവസങ്ങളിലെ പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല.

### പിഎച്ച്.ഡി. നൽകി

ബെറ്റിന പി അലക്സ്, ഷാനിമോൾ ബി. (സുവോളജി), ധന്യ ജെ., പ്രമീള ടി.എസ്. (ബോട്ടണി), ബെസ്സി മേരി ഫിലിപ്പ്, നോബിൾ വി തോമസ് (കെമിസ്ട്രി), മൊസാബ് അലി അഹമ്മദ് അലി അൽസഹാബി, മെൽബി ഇമ്മാനുവൽ (അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്), സന്ധ്യ ഗോപാൽ, ആശ പി.വി., ശാന്തി യു., മീനു ജോസ്, ശ്യാംലാൽ എ ലത്തീഫ് (ഇംഗ്ലീഷ്), കീർത്തി കൃഷ്ണ എം. (കൊമേഴ്സ്), ദീപ ഗോപി (മലയാളം), സ്മിത മേരി മാത്യു (മാത്തമാറ്റിക്സ്), ലക്സി മാത്യൂസ്, രശ്മി ആർ. (ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്), അരുണ എൻ.എസ്. (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്), രശ്മി ആർ നായർ (എക്കണോമിക്സ്), മുനീർ സി. കെ., ജയപ്രവീൺ ജെ., നാൻസി ജെ ഫെർണാണ്ടസ് (എഡ്യൂക്കേഷൻ), അശ്വതി വി. (സംസ്കൃതം), ശ്രീജിത്ത് പി.വി. (പൊളിറ്റിക്കൽ സയൻസ്), (ഇംഗ്ലീഷ്), സജിത എം. (ഹിസ്റ്ററി), അഞ്ജു കൃഷ്ണൻ എ. (ബയോകെമിസ്ട്രി), നജീം ഇ. (അറബിക്), നിഖില നാഗപ്പൻ എൽ. (ഫിലോസഫി) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
29.12.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**